സാമൂഹികനീതിവകുപ്പ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ

(ഹാജർ:.എം.അഞ്ജന.ഐ.എ.എസ് )

ഉത്തരവ് നം. SJD/2975/2021-E4

തിരുവനന്തപുരം,
തീയതി. 21-11-2022

---

വിഷയം: സാമൂഹികനീതിവകുപ്പ് - ജീവനക്കാര്യം - ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും അറ്റൻഡർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1.സാമൂഹികനീതിവകുപ്പ് ഡയറക്ടറുടെ 26/09/2022 തീയതിയിലെ SJD/2975/2021-E4 നം പരിപത്രം.

2.വിവിധ കാര്യാലയമേധാവികൾ മുഖാന്തിരമുള്ള ജീവനക്കാരുടെ അപേക്ഷകൾ.

3.സാമൂഹികനീതി വകുപ്പ് ഡയറക്ടറുടെ 04.10.2021 തീയതിയിലെ SJD/742/2021-E6 നം. ഉത്തരവ്.

സാമൂഹികനീതിവകുപ്പ് ഡയറക്ടറേറ്റിലെ അറ്റൻഡർ തസ്തികൽ ഒരു ഒഴിവ് നിലവിലുണ്ട്. സ്ഥാനക്കയറ്റം മുഖേന പ്രസ്തുത ഒഴിവ് നികത്തുന്നതിനായി പരാമർശം (1) പ്രകാരം വകുപ്പിലെ ഓഫീസ് അറ്റൻഡന്റ്/വാച്ച്മാൻ/വാച്ച് വുമൺ തസ്തികകളിലെ ജീവനക്കാരിൽ നിന്നും സമ്മതപത്രം ക്ഷണിക്കുകയും പരാമർശം (2) പ്രകാരമുള്ള പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ 17 ജീവനക്കാർ സമ്മതപത്രം സമർപ്പിച്ചിട്ടുള്ളതുമാണ്. സമ്മതപത്രം സമർപ്പിച്ച 17 ജീവനക്കാരിൽ പരാമർശം (3) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ക്രമനം.21-മതായി ഉൾപ്പെട്ടിട്ടുള്ളതും നിലവിൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷനിലെ ഓഫീസ്അറ്റൻഡന്റ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചുവരുന്നതുമായ ശ്രീ.പ്രദീപ് സോമൻ അറ്റൻഡർ തസ്തികയിൽ ഉദ്യോഗക്കയറ്റനിയമനത്തിന് പരിഗണിക്കേണ്ടതിൽ ഒന്നാമത്തെ ജീവനക്കാരനാണ്.

മേൽ സാഹചര്യത്തിൽ, ശ്രീ.പ്രദീപ് സോമനെ KS&SSR റൂൾ 28 A (1) അനുസരിച്ച് 23700-52600 രൂപ ശമ്പള സ്കെയിലിൽ അറ്റൻഡർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി, ടി ജീവനക്കാരന്റെ ഡെപ്യൂട്ടേഷൻ കാലാവധി പൂർത്തിയാകുന്ന 30.11.2022 വരെ അറ്റൻഡർ

തസ്തികയിൽ ഡെപ്യൂട്ടേഷനിൽ തുടരുവാൻ അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

എം. അഞ്ജന. ഐ.എ.എസ്
സാമൂഹികനീതിവകുപ്പ് ഡയറക്ടർ

1. ശ്രീ. പ്രദീപ് സോമൻ,
ഓഫീസ് അറ്റൻഡന്റ് (ഡെപ്യൂട്ടേഷൻ)
(സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ മുഖേന)

പകർപ്പ് :

1. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. സൂപ്രണ്ട്, ബിൽ സെക്ഷൻ
3. സൂപ്രണ്ട്, ഐ.റ്റി സെൽ (വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്)
4. ഇ1 മുതൽ ഇ7 വരെ
5. ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്
6. സ്റ്റോക്ക്ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം,

സൂപ്രണ്ട്